**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 905** **11-02-2025 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ ഭൂ-ഭവന രഹിതർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | **സംസ്ഥാനത്ത് 149129 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.** |
| (ബി) | പ്രസ്തുത കുടുംബങ്ങളിൽ ഭൂരഹിത കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും സ്വന്തമായി ഭൂമി ഉണ്ടായിട്ടും പാർപ്പിടമില്ലാത്ത കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും വിശദമാക്കുമോ; | (ബി) | ഭൂരഹിത ഭവനരഹിതരായ 5736 പട്ടികവർഗ്ഗ കുടുംബങ്ങളും ഭൂമിയുള്ള ഭവനരഹിതരായ 10777 പട്ടികവർഗ്ഗ കുടുംബങ്ങളും ഉണ്ട്. |
| (സി) | ഇവർക്ക് ഭൂമിയും ഭവനവും ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും ആയത് എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ? | (സി) | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമ പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നു. കൂടാതെ റവന്യൂഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 260 പേർക്ക് 50.83 ഏക്കർ ഭൂമിയും, നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 718 പേർക്ക് 243.80 ഏക്കർ ഭൂമിയും, വനാവകാശ നിയമ പ്രകാരം 2843 പേർക്ക് 3945.86 ഏക്കർ ഭൂമിയും, റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണ പദ്ധതി പ്രകാരം 27 പേർക്ക് 20.98 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 3848 പേർക്ക് 4261.47 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.<br><br>ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങിയ 52.34 ഏക്കർ ഭൂമി കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടിയും പദ്ധതി പ്രകാരം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച 6.99 ഏക്കർ ഭൂമി കൂടി വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി ലഭ്യമാക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മിഷൻ മുഖേനെ തന്നെ വീട് നിർമ്മാണത്തിനുള്ള ധനസഹായവും അനുവദിച്ച് നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 299 പേർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വീട് അനുവദിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഭൂരഹിത ഭവന രഹിതരായി കണ്ടെത്തിയിട്ടുള്ള 5736 കുടുംബങ്ങൾക്ക് ഭൂമിയും വീടും, ഭൂമിയുള്ള ഭവന രഹിതരായ 10777 പേർക്ക് വീടും കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br><br>ലൈഫ് മിഷൻ മുഖേനയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവന നിർമ്മാണ ധന സഹായം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ